©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 24<br>24th July 2018<br>1193 കർക്കടകം 8<br>8th Karkadakam 1193<br>1940 ശ്രാവണം 2<br>2nd Sravana 1940 | നമ്പർ<br>No. 30 |

## PART III

# Commissionerate of Land Revenue

പരേതന്റെ ഭാര്യയും മാതാവും ജീവിച്ചിരിപ്പില്ല. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞും തപാൽ വഴിയും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

(14)

No. A3-10670/2018. *28th June 2018.*

Notice is hereby given to all to whom it may concern that Murukan, T., Thottarikathu Veedu, Choozhattukotta, Malayam, Vilavoorkal Village, Kattakada Taluk, has applied for a legal heirship certificate to receive the benefits due to his father's elder sister Sundari w/o Damodharan, Alamkode Kizhakkumkara Puthen Veedu who expired on 16-3-2014. Enquiry conducted through the Village Officer, Vilavoorkal revealed that the following is the legal heir of the deceased.

SCHEDULE

| *Name of the legal heir* | *Relationship with the deceased* | *Age* |
|---|---|---|
| D. John | Son | 60 |

Objections if any against the issuance of the legal heirship certificate to the above said person has to filed in person before the undersigned within 30 days from the date of publication of this notice in the Kerala Government Gazette. Belated applications and those send by post will not be considered.

Taluk Office,　(Sd.)
Kattakada.　*Tahsildar.*

## KOLLAM DISTRICT

ലേല പരസ്യം

നമ്പർ എൽ5-79248/2018.　2018 ജൂൺ 18.

പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ ഉറുകുന്ന് കരയിൽ എം.എൻ. ജംഗ്ഷന് സമീപം ചരുവിള വീട്ടിൽ അബ്ദുൽ ജബ്ബാർ മകൻ നൗഷാദ് എന്നയാളിന്റെ പുരയിടത്തിൽ നിന്നിരുന്നതും എൽ.എ.സി. 415/65-ാം നമ്പർ പട്ടയപ്രകാരം സർക്കാലിലേക്ക് റിസർവ്വ് ചെയ്തിരിക്കുന്നതുമായ ഒരുമൂട് തേക്ക് മരം അനുവാദമില്ലാതെ മുറിച്ച് 13 കഷണങ്ങളാക്കി ടി പുരയിടത്തിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ടി തടിക്കഷണങ്ങൾ 30-7-2018-ാം തീയതി 11 മണിക്ക് (അവധി ദിവസമായാൽ തൊട്ടടുത്ത ദിവസം) തെന്മല വില്ലേജാഫീസിൽ വച്ച് കൊല്ലം ജില്ലാ കളക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മതിയായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും നിരതദ്രവ്യം കഴിച്ചുള്ള തുകയും നിയമാനുസൃത മറ്റ് നികുതികളും അപ്പോൾതന്നെ ഒടുക്കേണ്ടതും ലേലം സ്ഥിരീകരിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ ലേലസാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലങ്ങളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

കളക്ടറേറ്റ്,　(ഒപ്പ്)
കൊല്ലം.　*ജില്ലാ കളക്ടർ.*

## Kollam Taluk

പരസ്യം

(1)

നമ്പർ സി2-14625/2018.　2018 ജൂലൈ 11.

കൊല്ലം താലൂക്കിൽ മങ്ങാട് വില്ലേജിൽ മങ്ങാട് ചേരിയിൽ പഞ്ചമിയിൽ റ്റി. കെ. രാധാമണി 29-10-2017-ൽ മരണപ്പെട്ടുപോയതായും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും മറ്റ് ഭാവി ആവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് ടി വീട്ടിൽ ബിനുരാജ്, എസ്. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ മങ്ങാട്, നെടുവത്തൂർ, അയണിവേലിക്കുളങ്ങര വില്ലേജ് ഓഫീസർമാർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മായ, എസ്. | മകൾ | 51 |
| 2 | മനീത, എസ്. | ,, | 49 |
| 3 | ബിനുരാജ്, എസ്. | മകൻ | 41 |

(പരേതയുടെ ഭർത്താവ് ജീവിച്ചിരിപ്പില്ല.)

പരേതയ്ക്ക് അവകാശപ്പെട്ട മേൽക്കാണിച്ച തുക/ആനുകൂല്യങ്ങൾ വാങ്ങുന്നതിനുള്ള അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ സി2-14016/2018.　2018 ജൂലൈ 4.

കൊല്ലം താലൂക്കിൽ പേരയം വില്ലേജിൽ മുളവന പ്ലാംതുണ്ടിൽ ജിനു ഭവനിൽ കാർമ്മൽ ഫിലിപ്പോസ് 13-3-2018-ൽ മരണപ്പെട്ടുപോയതായും ബാങ്കിൽ ഹാജരാക്കുന്നതിലേക്കായി ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് ടി വീട്ടിൽ ഫിലിപ്പോസ് ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ പേരയം, പവിത്രേശ്വരം, കല്ലേലിഭാഗം വില്ലേജ് ഓഫീസർമാർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഫിലിപ്പോസ് | ഭർത്താവ് | 63 |
| 2 | ജിനു ഫിലിപ്പോസ് | മകൻ | 38 |
| 3 | അനിത വിനോദ് | മകൾ | 34 |
| 4 | ജിജിമോൾ | ,, | 28 |

(പരേതയുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)